


# മിഷൻ വചനവിചിന്തനം – 03 ഒക്ടോബർ 2019

ലൂക്കാ 10: 1–12 ഫാ. ജെയ്സൺ കുന്നേൽ MCBS

ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെ പ്രതിനിധാനം ചെയ്യാൻ പന്ത്രണ്ടു ശിഷ്യന്മാരെ വിളിച്ച യേശു (ലൂക്കാ 9:1–6) ഇന്നത്തെ വചനഭാഗത്ത് എഴുപത്തിരണ്ട് ശിഷ്യന്മാരെ ദൗത്യത്തിനായി തിരഞ്ഞെടുത്ത് അയയ്ക്കുന്നു. രണ്ട് ദൗത്യങ്ങളുടെയും ലക്ഷ്യം ഒന്നുതന്നെയാണ്; യേശുവിന് വഴിയൊരുക്കുക. പ്രേഷിതപ്രവർത്തനത്തിനുള്ള ഏറ്റവും പ്രധാനമായ മുന്നൊരുക്കം യേശുവിന്റെ ശിഷ്യസമൂഹത്തിന്റെ ഭാഗമായിരിക്കുക എന്നതാണ്. യേശു, തന്റെ ശിഷ്യന്മാരെ പ്രേഷിതദൗത്യത്തിന് അയയ്ക്കുന്നതിനു മുമ്പ് പ്രേഷിതവഴിത്താരയിൽ അവരെ കാത്തിരിക്കുന്ന വെല്ലുവിളികൾ, തടസ്സങ്ങൾ, അപകടങ്ങൾ എന്നിവ ഒരു മറയുമില്ലാതെ അവരോട് തുറന്നു പറയുകയും, സാഹചര്യങ്ങൾ അനുകൂലമാണങ്കിലും പ്രതികൂലമാണങ്കിലും ദൈവരാജ്യപ്രഘോഷണത്തിൽ നിന്ന് പിന്മാററുതെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

ആദിമ ശിഷ്യസമൂഹത്തിൽ, യേശുതന്നെ വിശുദ്ധ ലിഖിതങ്ങൾ അവർക്ക് വിശദീകരിച്ചു കൊടുക്കുകയും (ലൂക്കാ 24:44–48), വിശുദ്ധ ലിഖിതം വായിക്കുന്നതും വ്യാഖ്യാനിക്കുന്നതും യേശുതന്നെ ശിഷ്യസമൂഹത്തിന്റെ അടിസ്ഥാന പ്രമാണമായി മനസ്സിലാക്കി കൊടുക്കുകയും ചെയ്തു (ലൂക്കാ 24:25–35). ദൈവരാജ്യം പ്രഘോഷിക്കാനായി ശിഷ്യന്മാരെ ചുമതലപ്പെടുത്തുക വഴി, യേശു ഈ പ്രഘോഷണത്തിന്റെ രീതിശാസ്ത്രത്തെക്കുറിച്ചുള്ള – സജ്ജീകരണങ്ങളും പ്രായോഗികതയും പറഞ്ഞുകൊടുക്കുന്നു (ലൂക്കാ 10: 1–11). അക്കാലത്തെ യഹൂദ – പാലസ്തീന സംസ്കാരത്തിൽ നിലനിന്ന ചില 'ആതിഥ്യമര്യാദകളുടെ കീഴ്വഴക്കങ്ങൾ' മനസ്സിൽ സൂക്ഷിച്ചാണ് യേശു പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതെങ്കിലും (ലൂക്കാ 10:47; ഉൽ. 18:1–8), അക്കാലത്തെ സംസ്കാരത്തെ വിലമതിച്ചു കൊണ്ടു തന്നെ ദൈവരാജ്യം പ്രഘോഷിക്കേണ്ടതിന്റെ ആവശ്യകത യേശു ഊന്നിപ്പറയുന്നു (ലൂക്കാ 10:4). പ്രേഷിതവേലയ്ക്ക് ആളുകൾ കുറവായതിനാൽ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കാൻ യേശു ആവശ്യപ്പെടുന്നു (ലൂക്കാ 10:2).

പ്രേഷിതവേലയിൽ ക്രിസ്തുശിഷ്യൻ ആദ്യം ഉച്ചരിക്കേണ്ട വാക്ക് 'സമാധാനം' എന്നതാണ്. 'നിങ്ങൾ ഏതു വീട്ടിൽ പ്രവേശിച്ചാലും ഈ വീടിന് സമാധാനം എന്ന് ആദ്യമേ ആശംസിക്കണം' (ലൂക്കാ 10:5). സമാധാനം

ആശംസിക്കുമ്പോൾ ഭിന്നതയുടെ അതിർവരമ്പുകൾ ശിഷ്യർ പൊട്ടിച്ചെറിഞ്ഞ് ദൈവരാജ്യത്തിന്റെ സംസ്ഥാപനത്തിൽ സഹകാർമ്മികരാകുന്നു. സമാധാനം സ്ഥാപിക്കുമ്പോൾ, പ്രേഷിതർ ഭാഗ്യവാന്മാരും ദൈവപുത്രന്മാരുമായി രൂപാന്തരപ്പെടുന്നു. 'സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവപുത്രന്മാരെന്ന് വിളിക്കപ്പെടും' (മത്തായി 5:9).

പ്രേഷിതമേഖലകളിൽ ആതിഥ്യമര്യാദയിൽ തിരസ്കരണങ്ങൾ നേരിട്ടാലും ദൈവരാജ്യപ്രഘോഷണത്തിനുള്ള പ്രഥമസ്ഥാനം - priority (ലൂക്കാ 10:10-11) പ്രേഷിതൻ ഒരിക്കലും മറക്കരുത്. യഹൂദ സമൂഹത്തിൽ നിന്ന് പൗലോസിനും ബർണബാസിനും എതിർപ്പുകൾ ഉണ്ടായെങ്കിലും അവർ ദൈവവചനം പ്രസംഗിക്കുന്നതിൽ നിന്ന് പിന്മാറിയില്ല (അപ്പ. പ്രവ. 13:44-51). ദൈവത്തിന്റെ ശക്തി അവരിലുള്ളതിനാൽ ഏതു പ്രതിസന്ധികളിലും അവർ വിജയം വരിക്കും. ദൈവവചനമനുസരിച്ച്, അവർ എഴുപത്തിരണ്ടു പേരും സന്തോഷത്തോടെ തിരിച്ചുവന്നു (ലൂക്കാ 10:17) എന്നാണ് പറഞ്ഞിരിക്കുന്നത്. ദൈവം നമ്മോടു ചെയ്യാൻ ആവശ്യപ്പെടുന്ന കാര്യങ്ങൾ ചെയ്യുമ്പോൾ, എഴുപത്തിരണ്ടു പേർക്കുണ്ടായ സന്തോഷം നമുക്കും അനുഭവപ്പെടുന്നുണ്ടോ? അയച്ചവന്റെ ജോലി നിർവ്വഹിച്ചതിനു ശേഷം തിരികെ വരുമ്പോൾ സന്തോഷിക്കാൻ സാധിച്ചാൽ ഞാനും പ്രേഷിതനാണ്; ക്രിസ്തുവിന്റെ നല്ല പ്രേഷിതൻ.

സഭ സ്വഭാവത്താലേ പ്രേഷിതയായതിനാൽ ദൈവരാജ്യം പ്രഘോഷിക്കുക എന്ന ദൗത്യത്തിൽ നിന്ന് ആർക്കും ഒഴിഞ്ഞുമാറാൻ കഴിയുകയില്ല. മാമ്മോദീസാ സ്വീകരണത്തിലൂടെ നമ്മെ എല്ലാവരെയും യേശു വലിയ ഒരു ഉത്തരവാദിത്വവും ആനുകൂല്യവും ഏൽപിച്ചിരിക്കുന്നു. യേശുവിന്റെ ശിഷ്യസമൂഹത്തിന്റെ ഭാഗമായിരുന്നു കൊണ്ട് ദൈവത്തിന്റെ കരുണയും സ്നേഹവും ലോകത്തിന് പകർന്നു കൊടുക്കുക എന്ന മഹത്തായ പ്രേഷിതവേല നിർവ്വഹിക്കാൻവേണ്ട ജ്ഞാനവും ധൈര്യവും ശക്തിയും വചനത്തിൽ നിന്നും വിശുദ്ധ ബലിയർപ്പണത്തിൽ നിന്നും നമ്മൾ സ്വന്തമാക്കണം.

ദൈവവചനത്തിന് സാക്ഷ്യം വഹിക്കേണ്ട ശുശ്രൂഷ എന്തിനാണ് നമ്മൾ ചെയ്യേണ്ടതെന്ന് ആവിലായിലെ വി. അമ്മത്രേസ്യാ ഓർമ്മിപ്പിക്കുന്നു: 'നിങ്ങളല്ലാതെ ക്രിസ്തുവിന് ലോകത്തിൽ മറ്റു ശരീരമില്ല; നിങ്ങളുടെ കരങ്ങളല്ലാതെ മറ്റു കരങ്ങളോ, നിങ്ങളുടെ കാലുകളല്ലാതെ മറ്റു കാലുകളോ ഇല്ല. ക്രിസ്തു ലോകത്തെ അനുകമ്പയോടെ നോക്കുന്ന കണ്ണുകൾ നിങ്ങളുടേതാണ്; നന്മ ചെയ്തുകൊണ്ട് അവൻ ചുറ്റിനടക്കുന്ന പാദങ്ങൾ നിങ്ങളുടേതാണ്; മറ്റുള്ളവരെ അനുഗ്രഹിക്കാനായി അവൻ ഉയർത്തുന്ന കരങ്ങൾ നിങ്ങളുടേതാണ്.'

മിഷൻ മാസത്തിന്റെ മൂന്നാം ദിനം, നാം ആയിരിക്കുന്ന സ്ഥലങ്ങളിൽ ദൈവരാജ്യം പ്രഘോഷിക്കേണ്ടതിന്റെ വലിയ ഉത്തരവാദിത്വത്തെക്കുറിച്ച് നമുക്ക് ബോധവാന്മാരാകാം. ദൈവവചനം പഠിക്കുന്നതിലും ജീവിക്കുന്നതിലും വൈമനസ്യം കാണിക്കാതിരിക്കാം. ഇന്ന് യേശുവിനെ പ്രഘോഷിക്കേണ്ട ഏറ്റവും വലിയ മേഖല നമ്മുടെ ഓരോരുത്തരുടെയും ജീവിതം തന്നെയാണെന്ന് മറക്കാതിരിക്കാം.



Baptised and sent

MY LORD AND MY GOD

LIFEDAY
www.lifeday.in

Syro-Malabar Major Archiepiscopal Commission
for Evangelization and Pastoral Care of the Migrants